പ്രമേയം-02

# മലയാള ഭാഷയുടെ നിലനിൽപ്പും പരിപോഷണവും ഉറപ്പു വരുത്തുക

കേരളം മലയാളികളുടെ മാതൃഭൂമി എന്ന അത്യുജ്വലമായ ആഹ്വാനത്തിന്റെ പശ്ചാത്തലത്തിൽ ഉയർന്നു പൊന്തിയതും വിജയം വരിച്ചതുമായ ഐക്യകേരളം ഏതൊരു മലയാളിയുടെയും സ്വാഭിമാനത്തെ പ്രോജ്വലിപ്പിക്കുന്ന ചരിത്ര വും യാഥാർത്ഥ്യവുമാണ്. എന്നാൽ, ഐക്യകേരളത്തെ നാണം കെടുത്തുന്ന വിധത്തിൽ കേരളത്തിനകത്തും പുറത്തുമുള്ള മുഴുവൻ മലയാളികളുടെയും ആത്മസത്തയും സ്വത്വബോധവുമായ മലയാള ഭാഷയെ ഇല്ലാതാക്കാനും അപഹാസ്യമാക്കാനുമുള്ള പ്രവണതകൾക്ക് സാമ്രാജ്യത്വശക്തികളുടെ സഹായത്തോടെയെന്നു വേണം കരുതാൻ ആക്കം കൂടിയിരിക്കുന്നു. വിദ്യാഭ്യാസമേഖലയിൽ നിന്നും ക്രമേണ പുറന്തള്ളപ്പെടുന്ന മലയാള ഭാഷാപഠനം, ടെലിവിഷനിലും പൊതുസ്ഥലങ്ങളിലും വികലീകരിക്കപ്പെടുന്ന സംഭാഷണരീതികൾ, എന്നിങ്ങനെ മലയാളത്തെ ഇല്ലാതാക്കാനുള്ള പ്രവണത ഇന്നൊരു ഫാഷനായിരിക്കുന്നു. ഈ ഘട്ടത്തിൽ മലയാള ഭാഷയുടെ തനിമ നിലനിർത്തിക്കൊണ്ടു തന്നെ അതിന്റെ ഭാവിയിലെ ശക്തമായ നിലനിൽപ്പും വളർച്ചയും ഉറപ്പു വരുത്താനുള്ള പരിശ്രമങ്ങൾ ഔദ്യോഗിക-അനൗദ്യോഗിക സ്ഥാപനങ്ങളിൽ നിന്നും പ്രസ്ഥാനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും പുരോഗമന കലാ സാഹിത്യ സംഘം സംസ്ഥാന സമ്മേളനം പ്രതീക്ഷിക്കുന്നു. അത്തരം എല്ലാ ശ്രമങ്ങൾക്കും ഞങ്ങളുടെ അകമഴിഞ്ഞ പിന്തുണയുണ്ടായിരിക്കുന്നതാണെന്ന് ഉറപ്പു നൽകുന്നു.